ഉത്തേജക പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രോജക്ടുകൾക്ക് അംഗീകാരം

124 (1852) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച നബാർഡിന്റെ സ്പാൻ പദ്ധതിയിലെ 670 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് പുറമെ ഉത്തേജക പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച 479 കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത പ്രോജക്ടുകൾക്ക് കീഴിൽ വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതിനെല്ലാം ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. നിർമ്മാണത്തിലിരിക്കുന്ന 17 നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണം.

2. നിലവിലുള്ള ആറ് ശുദ്ധജല വിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ.

3. നിലവിലുള്ള 43 ജലശുദ്ധീകരണശാലകളുടെ പുനരുദ്ധാരണം

4. പാറശ്ശാലയ്ക്കും സമീപ പ്രദേശങ്ങൾക്കും മറുകിൽ, മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

5. കുമരകം തിരുവാർപ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.

(സി) എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ

125 (1853) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly